# MSC LPS

## KARIMULACKAL

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 -2026

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | M.S.C.L.P.S കരിമുളയ്ക്കൽ |
| 2. | വിലാസം | : | M.S.C.L.P.S കരിമുളയ്ക്കൽ, കോമല്ലൂർ പി.ഒ, പിൻ- 690 505 |
| 3. | സ്കൂൾ കോഡ് | : | 36254 |
| 4. | വിദ്യാഭ്യാസ ഉപജില്ല | : | മാവേലിക്കര |
| 5. | വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| 6. | റവന്യൂ ജില്ല | : | ആലപ്പുഴ |
| 7. | ബി.ആർ.ഡി | : | മാവേലിക്കര |
| 8. | ഗ്രാമപഞ്ചായത്ത് | : | ചുനക്കര |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| 10. | ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| 11. | നിയമസഭാ മണ്ഡലം | : | മാവേലിക്കര |
| 12. | ലോക്സഭാ മണ്ഡലം | : | മാവേലിക്കര |
| 13. | താലൂക്ക് | : | മാവേലിക്കര |
| 14. | വില്ലേജ് | : | ചുനക്കര |
| 15. | ഇ.മെയിൽ | : | 36254alappuzha@gmail.com |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണ് നമ്മുടെ ലക്ഷ്യം. അതിനുള്ള പഠനാന്തരീക്ഷവും പഠനസഹായക സംവിധാനങ്ങളും പരിസരവും വിദ്യാലയത്തിൽ രൂപപ്പെടുത്തുന്നതിന് പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ പങ്കാളിത്തം വേണം. വിദ്യാലയത്തിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടണം. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാകണം. സമൂഹവുമായുള്ള ജൈവബന്ധം വിദ്യാലയത്തിലെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിദ്യാലയത്തെ സഹായിക്കുന്നു. പൊതുവിദ്യാലയം നാടിന്റെ സമ്പത്താണെന്ന ബോധ്യം ജനമനസ്സിൽ ഉണ്ടാക്കിക്കൊടുക്കുക. ഹരിതകേരളവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് വിമുക്ത ഗ്രാമം എന്ന ആശയം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുക. കുട്ടികളുടെ അക്കാദമിക നിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക. അധ്യാപക രക്ഷകർതൃ ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും, രക്ഷിതാവ് കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗം ആണെന്ന തിരിച്ചറിവ് ബോധ്യപ്പെടുന്നതിനും കൂട്ടായ പഠനത്തിലൂടെ കുട്ടികൾ തങ്ങളുടെ മികവുകൾ മെച്ചപ്പെടുത്തുന്നതിനും അവസരം ഒരുക്കുക. കുട്ടികളുടെ കഴിവുകൾ പൊതുസമൂഹം തിരിച്ചറിയുന്നതിനും അതുവഴി വിദ്യാലയത്തിന്റെ സാമൂഹിക പങ്കാളിത്തം മെച്ചപ്പെടുത്തി സമഗ്ര വികസനം സാധ്യമാക്കുക.

### ചരിത്രം

1917-ൽ ആരംഭിച്ച സ്കൂൾ, മാർ ഇവാനിയോസ് പിതാവിന്റെ കാലത്ത് മലങ്കര കത്തോലിക്ക സഭയിലെ തിരുവനന്തപുരം അതിരൂപത വാങ്ങി അദ്ദേഹത്തിന്റെ കാലശേഷം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് അഭിവന്ദ്യ സിറിൽമാർ ബസേലിയോസ് തുടങ്ങിയ പിതാക്കൻമാർ മാനേജർമാരായി സേവനം അനുഷ്ഠിച്ചു. പിന്നീട് മാവേലിക്കര രൂപത ഉണ്ടായപ്പോൾ ഈ സ്കൂൾ ആ രൂപതയും അധീനതയിലാവുകയും അഭിവന്ദ്യ ജോഷ്വാമാർ ഇഗ്നാത്തിയോസ് പിതാവ് മാനേജരായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. ഈ സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകൾ ഉണ്ട്. 4 അധ്യാപകർ അധ്യാപനം നടത്തുകയും ചെയ്യുന്നു.

അക്കാലത്തെ ഈ പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം നൽകിയത് ഈ സ്ഥാപനമാണ്. വിവിധ മേഖലകളിൽ തിളങ്ങിയ ഒട്ടേറെപ്പേർക്ക് വഴികാട്ടിയായതും ഈ സ്ഥാപനമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ കുട്ടികളാണ് അധികവും. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പി.ടി.എ സ്കൂൾ വികസന കാര്യത്തിൽ സഹകരിക്കുന്നുണ്ട്. വ്യക്തിത്വവികസനത്തിനും ഉതകുംവിധത്തിൽ കുട്ടികളിലുള്ള ശാരീരികവും മാനസികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ഈ വിദ്യാലയം ശ്രദ്ധിക്കാറുണ്ട്. പാഠ്യപ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും ഈ സ്കൂളിലെ കുട്ടികൾ മികവ് പുലർത്താറുണ്ട്

| | വിഷയം | യോഗ്യത | ചുമതലകൾ |
|---|---|---|---|
| ക്ലാസ് 1<br>റാണി എം എസ് | എല്ലാ വിഷയവും | BA<br>T.T.C | ഉച്ചഭക്ഷണ കമ്മറ്റി / സയൻസ് ക്ലബ് |
| ക്ലാസ് 2<br>ശുഭ മേരി ജോൺ | എല്ലാ വിഷയവും | BCom<br>T.T.C | ഹെൽത്ത് ക്ലബ് / ജാഗ്രത ക്ലബ് /ദിനാചരണങ്ങൾ |
| ക്ലാസ് 3<br>ലിജി ലൂക്കോസ് | എല്ലാ റിഷയവും | BA<br>T.T.C | ഡിസിപ്ലിൻ /മലയാളത്തിളക്കം / വിദ്യാരംഗം |
| ക്ലാസ് 4<br>സുജി മോൾ | എല്ലാ വിഷയവും | BA<br>T.T.C | അസ്സംബ്ലി / ലഹരിവിരുദ്ധ ക്ലബ് / ഇംഗ്ലീഷ് അസംബ്ലി |

# പ്രശ്നങ്ങൾ വെല്ലുവിളികൾ

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂളിന്റെ വികസനത്തെ കാര്യക്ഷമമായി ബാധിക്കുന്നു ഗവൺമെന്റ് ഫണ്ടുകളുടെ അപര്യാപ്തത മൂലം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നില്ല. സ്മാർട്ട് റൂമിന്റെ അഭാവം കുട്ടികളുടെ വരവിനെ സാരമായി ബാധിക്കുന്നു. ഇടച്ചുമരില്ലാത്ത ക്ലാസ്സ്മുറികൾ പഠനത്തെ ബാധിക്കുന്നു. പൂർണ്ണമല്ലാത്ത ചുറ്റുമതിലുകൾ, കുട്ടികൾക്ക് കളിക്കാനുള്ള ചിൽഡ്രൻസ് പാർക്ക് എന്നിവയുടെ അഭാവം കുട്ടികളുടെ വരവിനെ സാരമായി കുറയ്ക്കുന്നു. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവം കുട്ടികളുടെ കലാകായിക വാസനങ്ങളെ പരിപോഷിപ്പിക്കുന്നതിന് തടസ്സമാകുന്നു. ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയവ കാര്യക്ഷമമല്ലാത്തതും ഒരു വെല്ലുവിളിയാണ്. സ്കൂളിന്റെ തൊട്ടടുത്തുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ ആധിക്യം കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതിന് കാരണമാകുന്നു. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയ്ക്കുന്നതിന് രക്ഷകർത്താക്കൾ താൽപര്യം കാണിക്കുന്നു. പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി പ്രധാന ഘടകമാണ്. സ്കൂൾ കെട്ടിടത്തിന്റെ ഇന്നത്തെ അവസ്ഥ കാലഘട്ടത്തിനനുസരിച്ച് മാറ്റം വരാത്തത് കുട്ടികളെ ഇവിടേക്ക് വിടാനുള്ള രക്ഷിതാക്കളുടെ താൽപര്യം കുറയ്ക്കുന്നു. സ്കൂളിന് സ്വന്തമായി വാഹനം ഇല്ലാത്തതുകൊണ്ടു ഓട്ടോയിൽ കുട്ടികളെ വിടാൻ രക്ഷിതാക്കൾക്ക് താൽപര്യം ഇല്ലാത്തതും കുട്ടികളുടെ എണ്ണം കുറയ്ക്കുന്നു. ഉച്ചഭക്ഷണം കഴിക്കാനുള്ള ഡൈനിങ്ങ് ഹോൾ ഇല്ലാത്തതും വെല്ലുവിളിയാണ്. എല്ലാ ക്ലാസ്സിലും കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും ഇല്ലാത്തതിനാൽ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. ഫർണിച്ചറുകളുടെ അഭാവം സ്കൂൾ പഠനമേഖലയെ ബാധിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനാവശ്യമായ കുട്ടികളുടെ എണ്ണം സൗകര്യങ്ങൾ പരിമിതമാണ്

| Class | TotalRoll | | Total | Sc | OBC | Minority |
| --- | --- | --- | --- | --- | --- | --- |
| | ആൺ | പെൺ | | | | |
| I<br>II<br>III<br>IV | | | | | | |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കും.

- ഓരോ ഘട്ടം പൂർണിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കവുമുളള സമൂഹത്തെ അറിയിക്കും

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുളള കഴിവ് ഉറപ്പ് വരുത്തും.

- ഗണിതത്തിലെ അടിസ്ഥാനക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തും.

- ശാസ്ത്രസംബന്ധമായ പ്രക്രിയശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തും.

- ഒരു സമൂഹ്യജീവി എന്ന നിലയിൽ സമൂഹത്തിലെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കു.

അക്കാദമികം : മാതൃഭാഷ (മലയാളം)

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കാന്നു എന്നു എഴുതുന്നുറവന്നും ഉറപ്പാക്കുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിലും അനുയോജ്യമായം വിധം മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നുതിനുളള ശേഷി നേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി, അക്ഷരകാർഡ്, ചിത്രങ്ങൾ, പദകാർഡ്, ഐ സി.റ്റി എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

→ ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
→ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുക
→ സ്വതന്ത്രമായ എഴുത്തിന് അവസരമൊരുക്കുക
→ സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് കമ്പ്യൂട്ടിംഗ് പരിശീലനം

## പ്രവർത്തനങ്ങൾ

→ വിദ്യാർത്ഥികൾക്ക് Skit, Roleplay, drama, etc... തുടങ്ങിയവ അവതരിപ്പിക്കുന്നതിന് അനുയോജ്യമായ രിതീയിൽ റീഡേഴസ് തീയറ്റർ സജ്ജമാക്കുന്നു.

കാലാവധി: 1 വർഷം 2015- 2016
പിന്തുണ എസ്.എം.സി.എസ്.എ അധ്യാപകർ

→ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രാധാന്യം നൽകാൻ വേണ്ടി ആഴ്ചയിൽ 2 മണിക്കൂർ പരിശീലനം നൽകുന്നു.

→ കുട്ടികളുടെ നിലവാരമനുസരിച്ച് പുസ്തകങ്ങൾ ക്രമീകരിച്ച് ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഉച്ചയ്ക്ക് അരമണിക്കൂർ പുസ്തകവായനയ്ക്ക് സമയം കണ്ടെത്തുന്നു.

→ ഇംഗ്ലീഷ് ബ്ലോഗ് സന്ദർശിച്ച് വായനാസാമഗ്രികൾ കണ്ടെത്തുന്നു.

→ ഇംഗ്ലീഷ് പീരിഡുകളിൽ ആഴ്ചയിൽ മൂന്ന് ദിവസം ക്ലാസ്സ് അസംബ്ലി സംഘടിപ്പിക്കുന്നു

→ ആഴ്ചയിൽ രണ്ട് ദിവസം സ്റ്റോറീസ്, പിക്ചർ സ്റ്റോറീസ് ഇവ വായിച്ച് കൊടുക്കാവുന്നതാണ്

→ ഹലോ ഇംഗ്ലീഷ് പരിപാടിയിലൂടെ പിന്നോക്കക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നു.

→ റീഡേഴ്സ് കോർണർ ക്ലാസ്സ് മുറികളിൽ സജ്ജീകരിക്കുന്നു

→ ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി, Picture activity, alphabatic card Roleplay, I.C.T സാദ്ധ്യത എന്നിവ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നു.

# ഗണിതം

**ലക്ഷ്യങ്ങൾ**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ല കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിത രീതികളെ പരിചയപ്പെടുത്തുക
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
5. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1. ഗണിതത്തിലെ അടിസ്ഥാനക്രിയകൾ ഉറപ്പാക്കുന്നതിനായി നിത്യജീവിതവുമായ ബന്ധപ്പെട്ട പ്രശ്നങ്ങൾ നൽകുന്നു. മഞ്ചാടി മുത്തുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം ഓരോ ക്ലാസ്സിലേയും കുട്ടികളുടെ എണ്ണം കണക്കാക്കൽ. ഉച്ചഭക്ഷണത്തിന്റെ ഒരാഴ്ചത്തെ കണക്ക്, ധനവിനിമയം, എന്നില കണക്കാക്കുന്നതിനുള്ള സാഹചര്യങ്ങൾ ക്ലാസ്സ് നിലവാരമനുസരിച്ച് നൽകുന്നു.

2. ക്ലാസ്സിലെ വസ്തുക്കളെ ലിസ്റ്റ് ചെയ്യിക്കുന്നു. ഓരോന്നിന്റെയും ആകൃതി കണ്ടെത്തുന്നു. ഇത്തരത്തിൽ ചുറ്റുപാടുകൾ നിരീക്ഷിച്ച് വ്യത്യസ്ത ആകൃതികൾ തിരിച്ചറിയുന്ന പ്രവർത്തനം നൽകുന്നു. ഇതിൽകൂടി ജ്യാമതീയ രൂപങ്ങളുടെ ആശയം രൂപപ്പെടുത്തുന്നു.

3. രൂപങ്ങൾ, നിർമ്മിക്കാൻ, അളക്കൽ (നിർമ്മിത പാഠഭാഗവുമായി ബന്ധപ്പെട്ട കാലയളവ്)

4. വീട്ടിൽ നിന്ന് സ്കൂളിലേക്ക് പുറപ്പെടുന്ന സമയം, സഞ്ചരിക്കാനെടുത്ത സമയം, സമയവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ നൽകിയുള്ള പ്രവർത്തനം

5. മനക്കണക്കിനുള്ള സാഹചര്യങ്ങൾ ദിവസം ഒന്നു വീതം നൽകി ഗണിതത്തിലെ താൽപര്യവും വേഗതയും വർദ്ധിപ്പിക്കുന്നു.

6. ഗണിതലാബ് 2018-2019 വർഷത്തെ പ്രവർത്തനങ്ങളുമായി ഏറ്റെടുത്ത് ഗണിതപഠനം കൂടുതൽ എളുപ്പമാക്കാൻ ശ്രമിക്കു.

7. പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി ശ്രദ്ധയിലെ പ്രവർത്തനങ്ങൾ തുടർന്ന് നൽകുന്നു. ഐ.സി.റ്റി. സാധ്യത ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

# ശാസ്ത്രം

ഇലകൾ ശേഖരിച്ച് ഒട്ടിക്കൽ (ആൽബം) മരങ്ങളുടെ പേര് കണ്ടെത്തൽ, ഇലകളുടെ പദസൂര്യൻ ഇനകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ ,

ചുറ്റുപാടുമുള്ള മരങ്ങളുടെ പേരും ഉപയോഗങ്ങളും പട്ടികപ്പെടുത്തൽ

| പ്രവർത്തനം | പിന്തുണ | സമയം | സാമ്പത്തിക വിശകലനം |
|---|---|---|---|
| വായനക്കൂട്ടം രൂപീകരണം | രക്ഷകർത്താവ്, അദ്ധ്യാപകർ | അക്കാദമിക വർഷം മുഴുവൻ | 2000 |
| വായനാമൂല ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | അദ്ധ്യാപകർ | വർഷം മുഴുവൻ | 1000 |
| വായനോത്സവം സംഘടിപ്പിക്കൽ | അദ്ധ്യാപകർ | | 500 |
| അമ്മ വായന | പി.ടി.എ | | |
| പുസ്തക ചർച്ച<br>വർക്ക് ഷീറ്റ് | അദ്ധ്യാപകർ | വർഷം മുഴുവൻ | 1500 |
| വായനാനുഭവം പങ്കുവയ്ക്കൽ | രക്ഷിതാക്കൾ | | |
| വായനാ കുറിപ്പ് തയ്യാറാക്കൽ | വിദ്യാർത്ഥികൾ | വർഷം മുഴുവൻ | 500 |
| പതിപ്പുകളാക്കൽ | വിദ്യാർത്ഥികൾ | | 1000 |
| വായനാ സാമഗ്രഹികൾ<br>(കഥ, കവിത..)<br>വികസിപ്പിക്കൽ | വിദ്യാർത്ഥികൾ | വർഷം മുഴുവൻ | 1000 |

# വിഷയമേഖലാ പ്രവർത്തനങ്ങൾ

| വിഷയം | നിലവിലുള്ള അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ | ആവശ്യമായ വിഭവം | നടപ്പിലാക്കുന്ന ഏജൻസി | മോണിട്ടറിംഗ് |
|---|---|---|---|---|---|
| വാഹന സൗകര്യം | വിദ്യാലയത്തിന് സ്വന്തമായി വാഹന സൗകര്യം ഇല്ല | വാഹനം വാങ്ങുന്നതിനുള്ള തുക എം പി.ഫണ്ടിൽ നിന്ന് പ്രതീക്ഷിക്കുന്നു | 1000000 | MP/MLA | PTA |
| ഉച്ചഭക്ഷണം തയ്യാറാക്കാൻ അടുക്കള | നിലവിലുള്ള അടുക്കള പര്യാപ്തമല്ല. സ്റ്റോർ റൂം ആവശ്യമാണ് | ഫണ്ടിൽ നിന്നും അടുക്കള സ്റ്റോർ റൂമിനുള്ള തുക അനുവദിക്കണം | 200000 | പഞ്ചായത്ത് NM Fund | NMO/PTA |
| വൈദ്യുതി സൗകര്യം | വൈദ്യുതി സൗകര്യം പരിമിതമാണ് കാലപ്പഴക്കം മൂലം അപകടനിലയിലാണ് | വയറിംഗ് ആവശ്യമുണ്ട്. ആവശ്യമായ തുക അനുവദിക്കണം | 50000 | SSA/Management പൂർവ്വ വിദ്യാർത്ഥികൾ | PTA/ Management |
| ലൈബ്രറി/ലാബ് കമ്പ്യൂട്ടർ ലാബ് | റീഡിംഗ് റൂം ലാബ് ഇവയ്ക്ക് പ്രത്യേക മുറികളില്ല | റീഡിംഗ് റൂം സജ്ജീകരിക്കണം | 300000 | പൂർവ്വ വിദ്യാർത്ഥികൾ Management | PTA/ Management |
| കളി ഉപകരണങ്ങൾ ചിൽഡ്രൺസ് പാർക്ക് | ആവശ്യത്തിനില്ല | കളി ഉപകരണങ്ങൾ ചിൽഡ്രൻസ് പാർക്ക് സജ്ജീകരിക്കണം | 100000 | പൂർവ്വ വിദ്യാർത്ഥികൾ SSG | PTA/SSG |
| സ്മാർട്ട് ക്ലാസ്സ് റൂം | ഇടഭിത്തികെട്ടണം ടൈൽസ് പാകണം | ക്ലാസ്സ് മുറികളെല്ലാം സ്മാർട്ട് ക്ലാസ്സ് റൂം ആക്കണം | 500000 | MP/MLA/Managment പൂർവ്വ വിദ്യാർത്ഥികൾ | PTA/ Management |
| മാലിന്യ സംസ്കരണം | മാലിന്യ സംസ്കരണ സംവിധാനം ഇല്ല | മാലിന്യം ശേഖരിച്ചു കൊണ്ടുപോകാനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തണം | | പഞ്ചായത്ത് | പഞ്ചായത്ത് |
| സ്കൂൾ പരിസരം | വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട് പൂന്തോട്ടം പൂർണ്ണമല്ല | പൂന്തോട്ടം ആകർഷകമായി നിർമ്മിക്കണം ജൈവവൈവിധ്യപാർക്ക് ഒരുക്കൽ | 100000 | SSA/MP/MLA | PTA |
| ടാപ്പുകൾ | ടാപ്പുകൾ പരിമിതം | ടാപ്പുകൾ ശിശു സൗഹൃദമാക്കണം അടപ്പുകൾ വേണം | 25000 | മാനേജർ SSG | PTA/ Management |

| വിഷയം | നിലവിലുള്ള അവസ്ഥ | മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ | ആവശ്യമായ വിഭവം | നടപ്പിലാക്കുന്ന ഏജൻസി | മോണിട്ടറിംഗ് |
|---|---|---|---|---|---|
| കെട്ടിടനവീകരണം | വാർത്ത കെട്ടിടമാക്കണം | സ്ഥിര സംവിധാനം ഉണ്ടാക്കണം | 2000000 | MP/MLA/Mngmt Fund പൂർവ്വവിദ്യാർത്ഥികൾ | Management /PTA |
| ഡൈനിംഗ് റൂം | ഇല്ല | പ്രത്യേകം ഡൈനിംഗ് റൂം ഫർണിച്ചറുകളും വേണം | 300000 | MP/MPL/Mngmt Fund പൂർവ്വ വിദ്യാർത്ഥികൾ | Management /PTA |
| ക്ലാസ്സ് റൂം ഫർണിച്ചറുകൾ | കുട്ടികൾക്കാവശ്യമുള്ള ഫർണിച്ചറുകൾ ഇല്ല, ഉള്ളവ തന്നെ പഴക്കം ചെന്നവയാണ് | ഡസ്ക്, ബഞ്ച്, കസേര, കബോർഡ്, വൈറ്റ് ബോർഡ്, സൗണ്ട് സിസ്റ്റം തുടങ്ങി എല്ലാ ഫർണിച്ചറുകളും മെച്ചപ്പെട്ടവവേണം | 700000 | പൂർവ്വ വിദ്യാർത്ഥികൾ MP/MLA/Managmnt | Management/ PTA |
| ചുറ്റുമതിൽ | ഭാഗികം | ചുറ്റുമതിൽ പൂർത്തീകരിക്കുക | 300000 | MP/MLA/Managmnt പൂർവ്വ വിദ്യാർത്ഥികൾ | PTA/ Management |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ട സൗകര്യങ്ങൾ | ഇല്ല | പഠനോപകരണങ്ങൾ, കളി ഉപകരണങ്ങൾ തുടങ്ങിയവ വേണം | 250000 | SSA പൂർവ്വവിദ്യാർത്ഥികൾ | PTA |
| ടോയിലറ്റ്/യൂറിനൽസ് | പരിമിതമാണ് | രണ്ട് ടോയ്‌ലറ്റും, രണ്ട് യൂറിനലും അനുവദിക്കുക. | 350000 | SSA/പഞ്ചായത്ത് MP/MLA | PTA |
| ലാപ്ടോപ്/ പ്രൊജക്ടർ | ഇല്ല | ഓരോ ക്ലാസ്സിലേക്കും ലാപ്ടോപ്/ പ്രൊജക്ടർ എന്നിവ അനുവദിക്കുക | 350000 | IT@School/SSA MP/MLA/പഞ്ചായത്ത് | PTA |